നമ്പർ.എ.1/41905/2011/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം. തിരുവനന്തപുരം,
തീയതി:18.10.2011.

## സർക്കുലർ III

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം-2011-12 അദ്ധ്യയന വർഷത്തെ അദ്ധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന:- (1) 15/09/2011 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ1/41905/2011/ഡിപിഐ നമ്പർ സർക്കുലർ

(2) 30/09/2011 തീയതിയിലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എ1/41905/2011/ഡിപിഐ നമ്പർ സർക്കുലർ

------------

പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ഓൺലൈൻ മുഖാന്തിരം അപേക്ഷിക്കുവാനുള്ള അവസാന തീയതി 22/10/2011 വൈകുന്നേരം അഞ്ച് മണിവരെ നീട്ടിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2011-12 അദ്ധ്യയന വർഷത്തെ അന്തർജില്ലാ സ്ഥലം മാറ്റം സമയബന്ധിതമായി നടത്തുന്നതിനുള്ള പുനക്രമീകരിച്ച സമയക്രമം ഇതോടൊപ്പം നൽകുന്നു.

| | |
|---|---|
| 1. ഓരോ ജില്ലകളിലേയും ഓരോ തസ്തികയിലെയും ഒഴിവുകളുടെ വ്യക്തമായ കണക്ക് നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടത് | 30/10/2011 |
| 2. അപേക്ഷ സ്കൂൾ തലത്തിലും വിദ്യാഭ്യാസ ഉപജില്ലാ തലത്തിലും പരിശോധിക്കുന്നതിന് അനുവദിച്ച സമയം | 24/10/2011 മുതൽ 29/10/2011 വരെ |
| 3. വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ അപേക്ഷ പരിശോധിക്കുക, സീനിയോറിറ്റി തയ്യാറാക്കുക അപേക്ഷകളിൽ പ്രധാന അദ്ധ്യാപകർ/ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ രേഖാമൂലം ആവശ്യപ്പെട്ട തിരുത്തലുകൾ അനുവദിക്കുക തുടങ്ങിയവയ്ക്ക് അനുവദിച്ച സമയം | 31/10/2011 മുതൽ 10/11/2011 വരെ |
| 4. ജില്ലയിൽ ഓരോ തസ്തികയിലേയ്ക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി) അടങ്ങിയ സംക്ഷിത രൂപം പ്രസിദ്ധീകരിക്കുന്നത് | 18/11/2011 |

| | |
|---|---|
| 5. അപേക്ഷകൾക്ക് ആക്ഷേപം സമർപ്പിക്കുവാനുള്ള സമയം | 19/11/2011 മുതൽ 25/11/2011 വരെ |
| 6. ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ താൽക്കാലിക സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ | 9/12/2011 |
| 7. താൽക്കാലിക ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുവാനുള്ള സമയം | 12.12.2011 മുതൽ 16.12.2011 വരെ |
| 8. ഹൈസ്കൂൾ അദ്ധ്യാപകർ, പ്രൈമറി അദ്ധ്യാപകർ എന്നിവരുടെ അന്തിമ സ്ഥലം മാറ്റ ഉത്തരവ് പുറപ്പെടുക്കൽ | 20.12.2011 |

അന്തർ ജില്ലാ സ്ഥലം മാറ്റത്തിനായി മാറ്റി വച്ചിട്ടുള്ള ഒഴിവുകളുടെ വിവരം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും 25/10/2011 ന് മുൻപായി ഈ ആഫീസിൽ അറിയിച്ചിരിക്കണം. സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ ജോലിയിൽ പ്രവേശിച്ചാൽ ഉടൻ തന്നെ ആ വിവരവും ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

(1) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
(2) എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ

എം.ആർ.15.10.11